(Pages : 3) **R – 1459**

Reg. No. : ..............................

Name : ..................................

# Sixth Semester B.A. Degree Examination, April 2023

## Career Related First Degree Programme under CBCSS

## Malayalam and Mass Communications

## Core Course

## MX 1642 : നാടകം : ചരിത്രം പാഠം പ്രയോഗം

## (2018 Admission onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. അഭിജ്ഞാനശാകുന്തളത്തിന് കേരളവർമ്മ തയ്യാറാക്കിയ വിവർത്തനമേത്?

2. ഭാഷാനാടകങ്ങളെ പരിഹസിച്ച് രചിക്കപ്പെട്ട ആദ്യകൃതി?

3. കേരളത്തിലെ ഇബ്സൻ എന്നറിയപ്പെടുന്നത്?

4. മലയാളത്തിലെ ആദ്യപ്രശ്നനാടകം?

5. നമ്പൂതിരി സമുദായസ്ത്രീകളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന പ്രേംജിയുടെ നാടകം?

6. വ്യക്തമായ രാഷ്ട്രീയലക്ഷ്യങ്ങളോടെ രചിച്ച തോപ്പിൽ ഭാസിയുടെ നാടകം?

7. എൻ.എൻ. പിള്ള രചിച്ച നാടകവിചാരഗ്രന്ഥം?

8. മലയാളത്തിലെ ആദ്യ ഗദ്യപ്രഹസനം?

9. റേസിയോ നാടകമായി രചിച്ച സി.ജെ. തോമസിന്റെ കൃതി?

10. മലയാളത്തിലെ ആദ്യ തനതു നാടകം?

**(10 × 1 = 10 Marks)**

P.T.O.

St. Xaviers College, Thumba

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ട് ചോദ്യത്തിന് ഉത്തരം എഴുതുക.

11. ട്രാജഡി എന്നാൽ എന്ത്?

12. "എന്നാലിതു ധാരാളം ചേർക്കണം. എനിക്കും പദ്മാവതിക്കും വേണമല്ലോ." ഏത്? എന്തുകൊണ്ട്?

13. "ആ അമ്മയുടെ കണ്ണാടി എനിക്കു കാണാനുള്ളതല്ല. അതിൽ നോക്കിയാൽ ഞാൻ പേടിച്ചുപോകും. ഉറക്കെ നിലവിളിച്ചുപോകും." ആര് ആരോട് പറയുന്നതാണിത്? കാരണമെന്ത്?

14. "വല്ലാത്ത ദുഷ്ടനെ വരിച്ചതുകൊണ്ടു നീയി-
പ്പൊല്ലാത്ത കഷ്ടത സഹിച്ചു മരിച്ചു ബാലേ!" സന്ദർഭമെന്ത്? വിശദമാക്കുക.

15. "സീതേ, ഈ മരത്തോലണിയുമ്പോൾ നീയും അമ്മയെ വെറുക്കും. നീ ഒരമ്മയാകുമ്പോൾ പൊറുക്കുകയും ചെയ്യും." ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്? വിശദീകരിക്കുക.

16. "ആ ഭയങ്കര സൃഷ്ടിയുടെ പേര് കേട്ടാൽ മനുഷ്യൻ നേരെ നിൽക്കില്ല." ഇവിടെ വക്താവ് ഉദ്ദേശിക്കുന്ന അർത്ഥമെന്തെന്ന് വ്യക്തമാക്കുക.

17. 'കറുത്ത ദൈവത്തെത്തേടി' എന്ന നാടകത്തിലെ ഭരതവാക്യത്തിന്റെ പ്രത്യേകതയെന്ത്?

18. "ഇതൊരു സ്റ്റേജാണ്. തനിക്ക് അഭിനയിക്കാനുള്ളതു കഴിഞ്ഞു." ആര് ആരോട് പറയുന്നതാണിത്? സന്ദർഭമെന്ത്?

19. "അതുപോലൊരു സംഗീതം വേറെല്യ" - ഏതുപോലെ? സന്ദർഭമെന്ത്?

20. "കാട്ടിൽ കാറ്റൂതുമ്പോൾ ഏതോ ഒരമ്മയുടെ ഹൃദയം തേങ്ങുന്നതു കേൾക്കാം." സന്ദർഭവും ആശയവും വിശദമാക്കുക.

21. സി.വി. രാമൻപിള്ളയുടെ പ്രഹസനങ്ങൾ ഏതെല്ലാം?

22. പൊറാട്ടു നാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

**(8 × 2 = 16 Marks)**

III. നൂറ്റിയിരുപത് വാക്കിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'ഋതുമതി' എന്ന നാടകത്തിന്റെ സാമൂഹികപ്രസക്തി വിശകലനം ചെയ്യുക.

24. റേഡിയോ നാടകത്തിന്റെ ചരിത്രപരമായ പ്രാധാന്യം വിശദമാക്കുക.

25. 'കേളു' എന്ന നാടകത്തിന്റെ ചരിത്രപരമായ പ്രാധാന്യം വിശദമാക്കുക.

St. Xaviers College, Thumba

26. മരണമൊരു തമാശയാണെന്ന ആശയം ക്രൈം നാടകത്തിൽ സി.ജെ. ആവിഷ്കരിച്ചു ഫലിപ്പിക്കുന്നതെങ്ങനെ?

27. "എന്റെ സ്നേഹത്തിനും എന്റെ ദ്വേഷത്തിനും അർത്ഥമില്ലാതെയായി." സമത്വവാദി ഇപ്രകാരം പറയുന്ന സന്ദർഭമേത്? അതിന്റെ അഗാധമായ അർത്ഥതലങ്ങൾ ഏതെല്ലാം?

28. സ്ത്രീനാടകവേദിയുടെ പിന്നിലുള്ള ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം?

29. തെരുവുനാടകത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

30. എക്സ്പ്രഷണിസ്റ്റ് നാടകത്തിന്റെ സ്വഭാവസവിശേഷതകൾ വിശദമാക്കുക.

31. ഇബ്സനിസ്റ്റ് നാടകസങ്കേതങ്ങൾ മലയാളനാടകത്തിലുണ്ടാക്കിയ ചലനങ്ങൾ എന്തെല്ലാം?

**(6 × 4 = 24 Marks)**

IV. മൂന്ന് പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

32. സാമൂഹികനാടകങ്ങൾ എന്നാലെന്ത്? മലയാള നാടകത്തിന്റെ വളർച്ചയിൽ സാമൂഹിക നാടകങ്ങൾക്കുള്ള പ്രസക്തി എന്ത്?

33. വർത്തമാനകാലത്തെ സ്ത്രീകളുടെ വ്യക്തിത്വം അനാവരണം ചെയ്യുന്നതിൽ 'ലേബർ റൂം' നാടകം വിജയിച്ചിട്ടുണ്ടോ? വിശദീകരിക്കുക.

34. രാമായണ നാടകത്രയത്തിന് മലയാളനാടകത്തിലുള്ള പ്രസക്തി എന്ത്? 'സാകേതം' എന്ന നാടകത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ വിശദമാക്കുക.

35. മലയാള നാടകവളർച്ചയിൽ പരിഭാഷാ നാടകങ്ങൾക്കുള്ള പ്രസക്തി 'സ്വപ്നവാസവദത്തം', 'ജനശത്രു' എന്നീ നാടകങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---

St. Xaviers College, Thumba